പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. **5763**

**02.07.2014** ലെ മറുപടിയ്ക്ക്

തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. എ.റ്റി.ജോർജ് | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്കായി 25.02.2009- ലെ ജി.ഒ.(പി) നമ്പർ 25/2009/തൊഴിൽ പ്രകാരം ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളുമാണ് ഇതു വഴി തൊഴിലാളികൾക്ക് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതിയിലൂടെ തൊഴിലാളികൾക്ക് പെൻഷൻ, അവശതാപെൻഷൻ, കുടുംബപെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തര ധനസഹായം എന്നിവ നൽകി വരുന്നു. |
| (സി) ക്ഷേമനിധിക്കുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ; | (സി)തൊഴിലാളി, തൊഴിലുടമ എന്നിവരിൽനിന്നും സ്വീകരിക്കുന്ന അംശാദായത്തിൽ നിന്നും ക്ഷേമനിധിക്കുള്ള തുക കണ്ടെത്തുന്നു. തൊഴിലാളി തൊഴിലുടമ വിഹിതം പ്രതിമാസം 20 രൂപ നിരക്കിലും, സർക്കാരിൽനിന്നുള്ള വിഹിതം പ്രതിമാസം 10 രൂപ നിരക്കിലുമാണ്. |
| (ഡി) ഈ സർക്കാരിന്റെ കാലത്ത് ക്ഷേമനിധി ബോർഡ് വഴി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി)ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2013-14 വർഷം വിവാഹ ധനസഹായം, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം എന്നീ ആനുകൂല്യങ്ങൾ നൽകിട്ടുണ്ട്. |

Sreelatha

സെക്ഷൻ ഓഫീസർ